**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4354 17.05.2017- ൽ മറുപടിയ്ക്ക്

## വയോമിത്രം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.എം.മുകേഷ്<br>ശ്രീ.പുരുഷൻ കടലുണ്ടി. | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി വയോമിത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന വയോമിത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | വയോമിത്രം പദ്ധതി ആദ്യഘട്ടമെന്ന നിലയിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ലക്ഷ്യങ്ങളും പദ്ധതിയിലൂടെ നൽകുന്ന സേവനങ്ങളും ചുവടെ ചേർക്കുന്നു.<br>• സംസ്ഥാനത്തെ നഗരസഭകളിൽ താമസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് വരുമാന പരിധി മാനദണ്ഡമാക്കാതെ മൊബൈൽ ക്ലിനിക്ക്, കൗൺസിലിംഗ്, വൈദ്യസഹായം, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.<br>• കിടപ്പുരോഗികളുടെ വീട്ടിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു.<br>• മൊബൈൽ മെഡിക്കൽ ക്യാമ്പിലൂടെ വൈദ്യസഹായം സൗജന്യ മരുന്നുകളും ലഭ്യമാക്കുന്നു.<br>• വയോജനങ്ങൾക്ക് കൗൺസിലിംഗ് സേവനം |
| (സി) | വയോജനങ്ങൾക്കായി എന്തെല്ലാം സേവനങ്ങളാണ് ഇതിൻപ്രകാരം ലഭ്യമാകുന്നത്; | | |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നു.<br>• വയോജനങ്ങളെ ആശുപത്രികളിൽ കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടുവരുന്നതിനും സൗജന്യ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>• വയോജനങ്ങളുടെ മാനസികോ-ല്ലാസത്തിനായി വിദ്യാലയങ്ങൾ, ക്ലബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സേവന സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കുകയും പുതുതലമുറയ്ക്ക് മുതിർന്നവരോട് ആദരവും, ബഹുമാനവും ഉതകുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.<br>• വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ച് മികവ്തെളിയിച്ച മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിന് വേണ്ടി ഉപയോഗപ്പെടുത്തുക.<br>• വയോജനങ്ങൾക്ക് ഹെല്പ് ഡെസ്ക് വഴി ആവശ്യമായ വിവരങ്ങൾ നൽകുക. |
| (ഡി) | വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെയും ബഹുമാനിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള പരിപാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | മുതിർന്ന പൗരന്മാരെ സംരക്ഷിക്കേണ്ട-തിന്റെയും ബഹുമാനിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള പരിപാടികൾ വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വയോജന ദിനാചരണത്തോടനുബന്ധിച്ച് വയോമിത്രം പദ്ധതിയിലുൾപ്പെടുത്തി സ്കൂൾ കോളേജ്തല വിദ്യാർത്ഥികൾക്ക് സെമിനാറുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ